(ഡി) ബ്രോഷർ, സി.ഡി. എന്നിവ ലഭ്യത അനുസരിച്ച് ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

(ഇ) തിരുവനന്തപുരത്തെ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, ഇൻവിസ് മൾട്ടി മീഡിയ എന്നിവരാണ്.

(എഫ്) ടി തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി, എച്ച്) കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ച് റിസോർട്ട്, കൊച്ചി ആസ്ഥാനമായുള്ള റിനൈസൻസ് ഗ്രൂപ്പിന് പാട്ടത്തിനു നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. മറ്റൊരു കെട്ടിടവും ടൂറിസം വകുപ്പ് സഹകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടില്ല.

(ഐ) പാട്ടക്കാലാവധിയും വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാർ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വേണ്ടിയുള്ള നടപടികൾ

78 [963] ശ്രീ. സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിന്റെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇതുമൂലം ഉണ്ടായ അധിക വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിനോദ സഞ്ചാര വകുപ്പ് സംസ്ഥാനത്തേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിദേശത്തുവച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിലെ വിനോദ സഞ്ചാര മേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ചില വിദേശ ട്രാവൽ മാർട്ടുകളിൽ വിനോദ സഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേറ്റർമാരേയും ട്രാവൽ ഏജന്റുമാരേയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി 'റോഡ് ഷോ' സംഘടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്രമാധ്യമങ്ങളിൽ വിനോദ സഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യങ്ങൾ നൽകാറുണ്ട്. പ്രമുഖ ടെലിവിഷൻ ചാനലുകളിൽ വകുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. ഇന്റർനെറ്റിലും വിനോദ സഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദേശീയ തലത്തിലുള്ള പ്രമുഖ മാദ്ധ്യമപ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ച് വരുത്തി നമ്മുടെ കേരളത്തെക്കുറിച്ചുള്ള ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച് അതു വഴിയുള്ള പ്രചരണവും നടത്തിവരുന്നു. കൂടാതെ ടൂറിസം പ്രചരണത്തിനുവേണ്ടി www.keralatourism.org എന്ന ഒരു വെബ്സൈറ്റും ഡിപ്പാർട്ട്മെന്റിനുണ്ട്.

(ബി) 2003-ൽ (നവംബർ മാസം വരെ) കേരളത്തിലെത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2002-നേക്കാൾ 25.1 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം താഴെപറയുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികൾ (എണ്ണം)	മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)
2000	209933	3.80
2001	208830	-0.53
2002	232564	11.37
*2003 (നവംബർ വരെ)	251158	25.10

(സി) വിദേശ വിനോദ സഞ്ചാരികളിൽനിന്നും 2003 നവംബർ മാസം വരെ ഏകദേശം 820 കോടി രൂപ വരുമാനമുണ്ടായതായി കണക്കാക്കുന്നു. കഴിഞ്ഞ വർഷങ്ങളിലുള്ള വരുമാനം താഴെ പറയുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ)	മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)
2000	525.3	26.25
2001	535	1.85
2002	705.67	31.90

* താൽക്കാലികം

LIBRARY ARCHIVES Kerala Legislative Assembly